CHURCH WEEKLY

July 2023



An Ecumenical Publication from

THE ALWAYE FELLOWSHIP HOUSE

Church Weekly

Vol. 77
Issue 7
July 2023

An Ecumenical Publication from
THE ALWAYE FELLOWSHIP HOUSE

77th Year of Publication
FOUNDER CHIEF EDITOR : Sri. N.M. ABRAHAM
First Published : December 1946

Sri K.C. Chacko
Founder of the Church Weekly
(1946)



CHURCH WEEKLY
C/o The Alwaye Fellowship House
Union Christian College P.O.
Alwaye - 683 102,
Kerala, South India.
Ph : 0484-2605630, 2606986

E-mail : churchweeklyafh@gmail.com
fellowshiphse@gmail.com
Chief Editor : mgk.afh@gmail.com
Website
www.alwayefellowshiphouse.com

SUBSCRIPTION RATES

	Inside India
Single Issue	₹ 15.00
Annual	₹ 150.00
10 years	₹ 1,500.00
Life (Patron)	₹ 10,000.00


	Outside India
Annual	USD 10
10 years	USD 100
Life (Patron)	USD 1,000

Bank of India - UC College Branch
A/c No. : 856610100002771
AFH - Church Weekly
IFS Code : BKID 0008566

- *Articles, Advertisements and Letters may be sent to the Chief Editor. Photos and matrimonial requests are also welcome. (Full page Rs.1000, Half page Rs.500)*
- *All correspondence regarding subscription enquiries may be sent to the Circulation Manager.*

Read... Subscribe... Recommend...

മഹദ്വചനം



മലയാളമാണ് എന്റെ ഭാഷ.
എന്റെ ഭാഷ എന്റെ വീടാണ്, എന്റെ ആകാശമാണ്,
ഞാൻ കാണുന്ന നക്ഷത്രമാണ്,
എന്നെ തഴുകുന്ന കാറ്റാണ്,
എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർ വെള്ളമാണ്,
എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്,
ഏതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്
എന്റെ ഭാഷയിലാണ്,
എന്റെ ഭാഷ ഞാൻ തന്നെയാണ്...

– എം.ടി. വാസുദേവൻ നായർ
(ജനനം: ജൂലൈ 15, 1933)

(നവതി പിന്നിടുന്ന എം.ടി. എഴുതിയ ഈ വരികൾ ഭാഷാപ്രതിജ്ഞയായി കേരള സർക്കാർ അംഗീകരിച്ചു)

ഈ ലക്കത്തിൽ

1950th Anniversary of the Martyrdom of St. Thomas



In connection with the 1950th Anniversary of the Martyrdom of St. Thomas, **H.H. Baselios Marthoma Mathews-III,** Catholicos and Malankara Metropolitan of the Orthodox Church, celebrated **Holy Qurbana at the Mylapore Santhome Church on 3rd July 2023.** His Holiness laid the foundation stone for the proposed **St. Thomas Orthodox Pilgrim Centre, Mylapore, Chennai** assisted by H.G.Geevarghese Mar Philexinos (Diocesan Metropolitan), H.G.Yuhanon Mar Diascoros (Kottayam), H.G.Yuhanon Mar Demetrios (Delhi), H.G. Joshua Mar Nicodimos (Nilackal), and H.G.Yakob Mar Elias (Brahmavar). Mylapore St. Thomas Pilgrim Centre is a chapel of the Broadway St. Thomas Orthodox Cathedral, situated near the Santhome Basilica and the Tomb of St. Thomas.

Correction

In the article, "On Confessing Our Sins", published in the 2023 May issue of the Church Weekly, there was a mistake in the accompanying photo. The correct photo of the author Mrs. Anna Mathew, Chennai, is given here, and the mistake is regretted



Church Weekly

Subscription Form

(Ref. Page 2 of the magazine)

Name :

Mailing address :...

....

Phone No. ....

To

The Circulation Manager,

"Church Weekly" The Alwaye Fellowship House,

U.C. College P.O., Alwaye - 683 102, Kerala, India.

Dear Sir,

I am interested in subscribing to the Church Weekly. I am enclosing herewith cash/cheque MO/DD for Rs.................................towards Annual/Life subscription. (Ref : Page 2 for rates)


Place :

Date : Signature

Pay to the Bank of India, U.C.College Branch : SB A/c. No: 856610100002771

IFS Code:BKID 0008566

• മുഖമൊഴി •



അരിക്കൊമ്പനും ആനമുട്ടയും

അരിക്കൊമ്പൻ ചിരിക്കുന്നു - കേരളത്തിന്റെ ആനമണ്ടത്തരവും തമിഴ്നാടിന്റെ സൂക്ഷ്മബുദ്ധിയും ഓർത്ത്; ഉത്സവസമയം അല്ലാതിരുന്നിട്ടും തനിക്ക് അകമ്പടിയായി പുറകെ നടക്കുന്ന നൂറു കണക്കിന് പാവം മനുഷ്യരെ കണ്ടിട്ട്!! ആന റോഡിലൂടെ നടന്നുപോകുമ്പോൾ നാം കൗതുക ത്തോടെ നോക്കി നിൽക്കാറില്ലേ? അതിനപ്പുറം അരിക്കൊമ്പന് എന്തു തോന്നാൻ? ഒറിജിനൽ ഇന്റലിജൻസ് പോയിട്ട് ആർട്ടിഫിഷ്യലിന്റെ നിഴൽ പോലുമില്ലാത്ത കുറെ ഉദ്യോഗസ്ഥരെയും ജനങ്ങളെ നിരാശപ്പെടുത്തുന്ന കുറെ ന്യായപാലകരെയും ഈ ആന വട്ടം ചുറ്റിക്കുകയാണ്; അവർ ആനയെയും!

ആന മനുഷ്യനെ കുത്തിമലർത്തിയാൽ ആനപ്രേമികൾക്ക് സങ്കടമില്ല; അവർ ആനയുടെ കൊമ്പു തടവും, വാലു തലോടും! മനുഷ്യൻ ആനയുടെ ആവാസകേന്ദ്രത്തിൽ അതിക്രമിച്ചു കയറിയതുകൊണ്ടാണത്രേ ആന കാടിറങ്ങുന്നത്! നിസ്സഹായനായ നിഹാലിനെ തെരുവുപട്ടികൾ കടിച്ചുകീറി കൊല്ലുമ്പോൾ പോലും പട്ടിപ്രേമികൾ നിലവിളിക്കില്ല; ഗ്ലോബൽ വാമിങ്ങിന്റെ ഫല മായി പട്ടികളുടെ മാനസിക സമനില തെറ്റുന്നതുകൊണ്ടാണ് പാവം പട്ടി കണ്ണിൽ കാണുന്ന തെല്ലാം കടിച്ചുകീറുന്നത് എന്നവർ പറയും!! "ഒരു പട്ടിയ്ക്ക് മറ്റൊരു പട്ടിയെ കണ്ടുകൂടാ" എന്ന പഴമൊഴി കാറ്റിൽ പറത്തി, തെരുവുപട്ടികൾ കൂട്ടംകൂടിനിന്ന് വഴിനടപ്പുകാരെയും ഇരുചക്ര വാഹനങ്ങളെയും ഭീകരമായി ആക്രമിക്കുമ്പോൾ അകലെ സുരക്ഷിതസ്ഥാനങ്ങളിലിരുന്ന് പട്ടിപ്രേമികൾ ഓലിയിടുന്നു - പൂജ്യശുനകശ്രീ, പൂജ്യതേ!

സ്വന്തം നെഞ്ചിൽ ആനക്കൊമ്പ് കുത്തിയിറങ്ങിയാൽ, സ്വന്തം തല ആനയുടെ കാലിനടിയിൽ പെട്ടാൽ, തുമ്പിക്കയ്യിൽ ചുറ്റിയെടുത്ത് ആന ദൂരേയ്ക്ക് എറിഞ്ഞാൽ... ആനപ്രേമി ആനയ്ക്ക് ജയ് വിളിക്കുമോ അതോ രക്ഷിക്കണേ എന്ന് ദിഗന്തങ്ങൾ പൊട്ടുമാറു നിലവിളിക്കുമോ? ഇനി, സ്വന്തം കഴുത്തിൽ ഒരു ഭ്രാന്തൻ പട്ടി പിടുത്തമിട്ടാൽ, കാൽമുട്ടിനു പിന്നിലുള്ള മാംസം കടിച്ചു പറിച്ചാൽ, ശ്വാനപ്രമുഖന്മാർ വട്ടംകൂടി ആക്രമിച്ചാൽ... പട്ടിപ്രേമി പുണ്യവാനായ ശുനകപ്രമാണിക്ക് ഓശാന പാടുമോ, അതോ, അയ്യോ അമ്മേ എന്നു നിലവിളിച്ച് ഓടുമോ? അവനവന്റെ തടിയിൽ തൊട്ടാലേ ഇവർ പഠിക്കൂ; സഹജീവിയുടെ രോദനം അവഗണിച്ച് പട്ടിക്കും ആനക്കും കുട പിടിക്കുന്നവർ ആ മൃഗങ്ങളേക്കാൾ എത്ര ഹീനന്മാർ!!!

ഉത്തരവാദിത്തബോധമില്ലാതെ, തങ്ങളെക്കാൾ മണ്ടന്മാരായവരുടെ ഉത്തരവുകൾക്കു പിന്നിൽ സ്വന്തം തലയൊളിപ്പിക്കുന്ന ഉദ്യോഗസ്ഥരെക്കുറിച്ചും സാമാന്യബുദ്ധിക്കു നിരക്കാത്ത വിധികൾ പ്രസ്താവിക്കുന്ന ന്യായാധിപന്മാരെക്കുറിച്ചും സാക്ഷരകേരളം ഖേദിക്കുന്നു. ആനയുടെ സ്വൈര വിഹാരത്തിനുവേണ്ടി മനുഷ്യരെ മാറ്റിക്കൊടുക്കുവാൻ അഭിപ്രായപ്പെടുന്നവർ ആനയുടെ മുന്നിലെങ്ങാനും പെട്ടാൽ ആന അവരെ തിരിച്ചറിയണമെന്നില്ല!

അരിക്കൊമ്പന്റെപേർക്ക് ഇതുവരെ ചെലവായ പണം എത്ര? കോടനാട്ടുള്ള ആന സംരക്ഷണ കേന്ദ്രത്തിൽ കൊണ്ടുവന്ന് ആജീവനാന്തം പൂജിക്കുവാനാവശ്യമായതിൽ കൂടുതൽ പണവും

മനുഷ്യപ്രയത്നവും ചെലവായിക്കഴിഞ്ഞു; അതിനേക്കാൾ ഹീനമാണ് സംസ്ഥാനാന്തര ബന്ധങ്ങൾപോലും മാനിക്കാതെ തമിഴ്നാട് അതിർത്തിയിൽ അരിക്കൊമ്പനെ ഇറക്കിവിട്ടത്!

തമിഴ്നാടിനു തെറ്റിയില്ല; ആനയെ നിരീക്ഷിച്ചു, കാവൽ നൽകി, ആന ജനവാസകേന്ദ്രത്തിൽ ഇറങ്ങിയപ്പോൾ തൂക്കിയെടുത്ത് കേരളാതിർത്തിക്കുള്ളിൽ എത്തിച്ചു. മനുഷ്യർക്ക് ഉപദ്രവം വന്നാൽ ആനയെ വെടിവെക്കുമെന്ന് പറയാനെങ്കിലും അവർ തുനിഞ്ഞു. ആനയ്ക്കുവേണ്ടി കേസ് കൊടുക്കുവാൻ കേരളത്തിൽ ആളുണ്ടായി; അവർക്ക് ഈ ആനയോടെന്തു ബന്ധം? ജനവാസകേന്ദ്രങ്ങളിൽ ഇറങ്ങി മനുഷ്യർക്കും വീട്ടുമൃഗങ്ങൾക്കും ഭീഷണി ഉയർത്തുന്ന ആന, കടുവ, പുലി എന്നീ മൃഗങ്ങൾക്കെതിരേ ഒരു വാക്കു പറയാൻ പോലും ഇവർ തുനിയുന്നില്ല... അവർക്കു വേണ്ടത് വിലകുറഞ്ഞ പബ്ലിസിറ്റി!!

മനുഷ്യനുവേണ്ട മരുന്നുകൾ പരീക്ഷിക്കുന്നതിനു ബലിയാടുകളാകുന്ന എലികളോടും ഗിനിപ്പന്നികളോടും ഇവർക്ക് സ്നേഹമില്ല! കാടരികിൽ താമസിക്കുന്ന മനുഷ്യരുടെ കൃഷി നശിപ്പിക്കുന്ന കാട്ടുപന്നികളെ വെടിവെച്ചു കൊല്ലാം!! കാട്ടുപോത്തിനെയും മാനിനെയും വേട്ടയാടി അതിന്റെ ഇറച്ചി കഴിക്കാം! നീലാകാശത്തിൽ പറന്നുനടക്കേണ്ട കിളികളെ പിടിച്ചു കൂട്ടിലടച്ചു സന്തോഷിക്കാം! പാവം മുയലുകളെ വീട്ടുമുറ്റത്തു തളച്ചിടാം! (ഇടയ്ക്ക് ഭക്ഷണമാക്കുകയും ചെയ്യാം.) ആടിനെയും മാടിനെയും കോഴിയെയും ബലികഴിക്കാതെ ഇവർക്ക് ഒരുനേരം ഭക്ഷണം പൂർണ്ണമാകുമോ? പക്ഷേ, മാധ്യമങ്ങളെ കാണുമ്പോളുള്ള മൃഗസ്നേഹം! മനുഷ്യജീവനു ഭീഷണിയായ മൃഗങ്ങളോട് ഇവർക്കെന്തേ ഇത്ര ആത്മബന്ധം?

അവനവന്റെ നെഞ്ചിൽ കത്തിയിറങ്ങുമ്പോഴേ അമ്മേ എന്നു വിളിക്കൂ! ദന്തഗോപുരങ്ങളിലിരുന്ന് പന്തം കൊളുത്തുവാൻ ആയിരം പേരുണ്ടാകും. നിർഭാഗ്യം കാവൽ നിൽക്കുന്ന സഹജീവികൾക്കു വേണ്ടി സംസാരിക്കുവാൻ ഇവർക്കാവില്ല. മൃഗങ്ങളുടെ ആക്രമണങ്ങളിൽ നിന്ന് മനുഷ്യരെ രക്ഷിക്കുവാൻ ഒരു നിർദ്ദേശം പോലും ഇവർക്കില്ല; അത് അവർക്ക് വിഷയമേ അല്ല!

കാട്ടിൽ കഴിയുന്ന കുറേപ്പേർ കാടിന്റെ മക്കളാണ്; മറ്റു ചിലർ നഗരത്തിലും ചുറ്റുപാടും താമസിക്കുവാൻ നിവൃത്തിയില്ലാതെ കാടുകയറിയവരാണ്. നഗരത്തിലെ മൂന്നു സെന്റിലെ കൊട്ടാരത്തിലും അംബരചുംബികളായ കിളിക്കൂടുകളിലും താമസിക്കുന്ന ബുദ്ധിജീവികൾക്ക് മണ്ണിൽ കഴിയുന്നവന്റെ വിഷമങ്ങൾ മനസ്സിലാവില്ല. പട്ടികളെ അതിരറ്റ് ഓമനിക്കുന്ന ഒരു മുൻകാല നടിയെ കണ്ടിട്ട്, അടുത്ത ജന്മത്തിലെങ്കിലും അവരുടെ പട്ടിയായി ജനിച്ചാൽ മതിയെന്ന് ഒരു ആരാധകന്റെ കമന്റ് കണ്ടു!! ആഗ്രഹം നടക്കട്ടെ...

അരിക്കൊമ്പന്റെ കൈയിൽ ഗൂഗിൾ മാപ്പില്ല; എന്നിട്ടും അവൻ നടന്നുകൊണ്ടിരിക്കുന്നു. അവന്റെ കഴുത്തിലെ കോളർ പുറകേ നടക്കുന്നവർക്കുള്ളതാണ്. ശൂന്യാകാശത്തിലേക്കു വിക്ഷേപിച്ച റോക്കറ്റ് പോലെയാണ് കൊമ്പൻ! എവിടെയുമാകാം; എന്തും ചെയ്യാം... മാധ്യമങ്ങളും ആനയ്ക്ക് ഒരു താരപരിവേഷം നൽകിയിരിക്കുന്നു.... നാളെയെന്ത്?... കഥ തുടരുവാൻ നാം കാത്തിരിക്കുന്നു. വേറൊരു സംസ്ഥാനവും ഇത്രമേൽ വിഡ്ഢിത്തം കാണിക്കുന്നില്ല; പൊള്ളയായ അവകാശവാദങ്ങൾ മുഴക്കാറില്ല; പൊട്ടക്കേസുകൾ കൊടുക്കാറുമില്ല. 100% സാക്ഷരത; അത്ര തന്നെ മണ്ടത്തരവും! അരിക്കൊമ്പൻ നമുക്കു നൽകുന്ന മാർക്ക് ആനമുട്ട!! കേരളമക്കളുടെ ആനമണ്ടത്തരവും ജനങ്ങൾക്കു താൻ മൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകളുമോർത്ത് ദുഃഖിച്ച് അരിക്കൊമ്പൻ കേരളത്തിലെ വനാന്തരങ്ങളിലെവിടെയെങ്കിലും ആത്മഹത്യ ചെയ്യുമോ എന്നു ഭയം തോന്നുന്നു! നമ്മുടെ മൂഢത്വത്തിന്റെ ആനത്താരകളിലൂടെ അവൻ നടന്നുകൊണ്ടേയിരിക്കുന്നു... ◎

സ്നേഹസ്മരണ

റവ. ഡോ. മാത്യു ഡാനിയൽ





എം. കുര്യൻ: സൗമ്യദീപ്തമായ സഞ്ചാരപഥങ്ങൾ

1923 ജൂലൈ 6-ാം തീയതി ഭൂജാതനായ എം. കുര്യന്റെ ജന്മശതാബ്ദിയാണ്. ചർച്ച് വീക്കിലിയുടെ ചരിത്രത്തിൽ നിർണ്ണായക സ്ഥാനം അലങ്കരിച്ച എം. കുര്യനെ സുഹൃത്തായ റവ. ഡോ. മാത്യു ഡാനിയൽ അനുസ്മരിക്കുന്നു.

ജീവിതത്തെ സർവേശ്വരന്റെ വരദാനമായി തിരിച്ചറിയുക, നിയോഗബോധത്തോടെ സദാ കർമ്മനിരതനാവുക, അങ്ങനെ ചുറ്റുവട്ടത്തെ സ്വജീവിതം കൊണ്ടും കർമ്മങ്ങൾ കൊണ്ടും പ്രകാശമണിയിക്കുക - മാങ്ങാനം ക്രൈസ്തവാശ്രമം കുന്നിന്റെ ചെരിവിൽ, തപോവനത്തിന്റെ ശാന്തിയുൾക്കൊള്ളുന്ന പരുന്തുംകുഴി വീട്ടിൽ, വരാന്തയിലെ കസേരയിൽ ചാരിക്കിടന്ന് ഗതകാലസ്മരണകൾ അയവിറക്കുകയും, പ്രത്യാശാനിർഭരമായ മന്ദഹാസത്തോടെ സ്വീകരിക്കുകയും ചെയ്ത ശ്രീ. എം. കുര്യന്റെ സൗമ്യമെങ്കിലും ദീപ്തമായ സഞ്ചാരപഥങ്ങൾ അനുസ്മരിക്കുമ്പോൾ, നമ്മുടെ മനസ്സിൽ തെളിഞ്ഞുവരുന്ന ചിത്രമാണിത്. ജീവിതതീർത്ഥയാത്രയിൽ വ്യത്യസ്ത മേഖലകളിൽ വ്യാപൃതനായിട്ടുണ്ടെങ്കിലും, എം. കുര്യന്റെ സിദ്ധിയും സാധനയും പൂർണ്ണ സാഫല്യം നേടിയത് പത്രപ്രവർത്തന രംഗത്താണ്.

ഗ്രാമത്തിന്റെ വിശുദ്ധിയിൽ

ഒരു മലയോരഗ്രാമമായിരുന്ന കോതമംഗലമാണ്, ജന്മസ്ഥലം. ജനനം 1923 ജൂലൈ 6-ാം തീയതി. പരുന്തുംകുഴിയിൽ പി.കെ. മാത്യുവും ശ്രീമതി താണ്ടമ്മയുമാണ് മാതാപിതാക്കൾ. തനി കാർഷികപശ്ചാത്തലത്തിലുള്ള കുടുംബം. പിതാവിന് കൃഷിയോടൊപ്പം കച്ചവടവുമുണ്ടായിരുന്നു. രണ്ടു സഹോദരന്മാരും മൂന്ന് സഹോദരിമാരും. സഹോദരന്മാരിൽ ഒരാൾ ഹെൽത്ത് ഇൻസ്പെക്ടറായിരുന്നു; മറ്റെയാൾ കോതമംഗലം എഞ്ചിനീയറിംഗ് കോളജിലെ ജീവനക്കാരനും. ചെറുപ്പത്തിൽത്തന്നെ അക്ഷരങ്ങളുടെയും പുസ്തകങ്ങളുടെയും ലോകത്തിൽ മുഴുകുന്നതിൽ തല്പരനായിരുന്നു, കുര്യച്ചൻ.

കോതമംഗലം മാർ ബേസിൽ ഹൈസ്കൂളിലായിരുന്നു വിദ്യാഭ്യാസം. സൗമ്യമായ വർത്തനാരീതിയും പഠനത്തിലുള്ള അതീവ താല്പര്യവും സമർത്ഥനായ ഈ വിദ്യാർത്ഥിയെ അധ്യാപകർക്ക് ഏറ്റവും പ്രിയങ്കരനാക്കി. സ്കൂൾ ഫൈനൽ ക്ലാസ്സിൽ ഉയർന്ന മാർക്കോടെ പാസ്സായ വിദ്യാർത്ഥിയെ അധ്യാപകർ പ്രശംസിക്കുകയുണ്ടായി. റവ. ഫാദർ സി.റ്റി. കുര്യാക്കോസ് ശെമ്മാശനായിരുന്നു, ഹെഡ്മാസ്റ്റർ. അച്ചന്റെ ഭവനത്തിൽ ഒരു നല്ല പുസ്തക ശേഖരമുണ്ടായിരുന്നു. അവ വായിക്കുന്നതിന് അവസരം ലഭിച്ചത് എം. കുര്യൻ കൃതജ്ഞതാപൂർവം സ്മരിക്കുന്നുണ്ട്. മാത്രമല്ല, സ്കൂൾ ലൈബ്രറിയിൽ നിന്നും പുസ്തകങ്ങൾ ലഭിച്ചിരുന്നു.

പുതിയ ലോകം, പുതിയ ദർശനം

ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിലായിരുന്നു, കുര്യന്റെ കലാലയ വിദ്യാഭ്യാസം.

കെ.സി. ചാക്കോ സാറും സ്നേഹിതരും പടുത്തുയർത്തിയ ആ കലാലയമാണ് തന്റെ ജീവിതത്തിന് സവിശേഷമായ ദിശാബോധം നല്കിയതെന്ന് കുര്യൻ സ്മരിക്കുന്നു. അദ്ദേഹം പഠിക്കുന്ന കാലത്ത് പ്രൊഫ. വി.എം. ഇട്ട്യേരായും പ്രൊഫ. സി.പി. മാത്യുവുമായിരുന്നു പ്രിൻസിപ്പൽമാർ (1943-47). ഗണിതശാസ്ത്രവും ഭൗതികശാസ്ത്രവും രസതന്ത്രവുമായിരുന്നു ഐച്ഛിക വിഷയങ്ങൾ; സെക്കൻഡ് ലാംഗ്വേജ് മലയാളവും. പ്രഗത്ഭരായ അധ്യാപകരുടെ ക്ലാസ്സുകൾ. പ്രൊഫ. ഡി. പി. ഉണ്ണിയും പ്രൊഫ. കുറ്റിപ്പുഴ കൃഷ്ണപിള്ളയുമാണ്, മലയാളം ക്ലാസ്സുകൾ എടുത്തിരുന്നത്. സ്വതന്ത്രചിന്തയുടെ നാമ്പുകൾ മുളച്ചുവളർന്ന കാലഘട്ടം. അധ്യാപകരുമായുള്ള ബന്ധം ക്ലാസ് മുറിയിൽ മാത്രം ഒതുങ്ങി നിന്നിരുന്നില്ല. സർഗ്ഗാത്മകമായ ആ കാലഘട്ടത്തെ കുര്യൻ ഇങ്ങനെ സ്മരിക്കുന്നു:

'അര നൂറ്റാണ്ടു പിന്നിലേക്ക് മനസ്സ് തിരിച്ചുവിട്ടാൽ പഴയതെങ്കിലും പുതുമ തഞ്ചുന്ന ഒരു വിസ്മയ ലോകത്തിലാവും ചെന്നുപെടുക... 1943-ലാണ് ഇന്റർമീഡിയറ്റ് ക്ലാസ്സിൽ പ്രവേശനം തേടി ഞാൻ ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽ എത്തിച്ചേർന്നത്. അന്ന് ഒരു ഗ്രാമമായിരുന്ന കോതമംഗലത്തെ ഒരെളിയ കർഷകകുടുംബത്തിൽനിന്ന് കോളജ് വിദ്യാഭ്യാസം തേടിയുള്ള പ്രയാണം ഒരു സാഹസമായിരുന്നുവെന്ന് പറയാം.

കോളജിൽ ഇന്റർമീഡിയറ്റിനുള്ള അഡ്മിഷൻ നടന്നു കഴിഞ്ഞാണ് ഞാൻ ആലുവായിലെത്തുന്നത്. എങ്കിലും എന്റെ സ്കൂളിലെ അധ്യാപകരും യൂണിയൻ ക്രിസ്ത്യൻ കോളജിലെ പൂർവവിദ്യാർത്ഥികളുമായിരുന്ന ഫാദർ സി.റ്റി. കുര്യാക്കോസ്, മി. കെ.വി. പൗലോസ് എന്നിവരുടെ ശുപാർശക്കത്തുകളുടെ പിൻബലത്തിലാവണം കോളജധികൃതർ വൈകിയെത്തിയതാണെങ്കിലും എനിക്കു പ്രവേശനം നൽകാൻ ദയ കാണിച്ചു. സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു നല്ല മാർക്ക് ഉണ്ടായിരുന്നതിനാൽ ഒരു പ്രത്യേക സ്കോളർഷിപ്പ് എനിക്ക് കനിഞ്ഞ് നല്കി.

ടാഗോർ ഹോസ്റ്റലിലാണ് എനിക്ക് പാർപ്പിട സൗകര്യം അനുവദിച്ചുകിട്ടിയത്. അന്ന് അവിടെ വാർഡൻ പ്രൊഫ. ടി.ബി. തോമസ്. മാത്രമല്ല, അദ്ദേഹം എന്റെ ഫിസിക്സ് അധ്യാപകൻ കൂടിയായിരുന്നു. അന്ന് അവിടെ ആരംഭിച്ച ഗുരുശിഷ്യബന്ധം ഒരു നീണ്ട സൗഹൃദ ബന്ധത്തിന്റെ സൗഗന്ധിക ഗാഥയായി...'

അധ്യാപകരുമായുള്ള ബന്ധം ക്ലാസ് മുറിയിൽ മാത്രം ഒതുങ്ങിനില്ക്കുന്നതായിരുന്നില്ല എന്ന് മുകളിൽ സൂചിപ്പിച്ചുവല്ലോ. ക്ലാസ് മുറിക്ക് പുറത്ത് അധ്യയനേതര രംഗത്തേക്കും എസ്.സി.എം, ബൈബിൾ ക്ലാസ്സുകൾ മുതലായി പല വേദികളിലേക്കും വ്യാപിച്ചിരുന്നു. എം. കുര്യന്റെ ജീവിതത്തിലെ നിർണ്ണായക ഘടകമായിത്തീർന്ന എക്യുമെനിക്കൽ ദർശനത്തിന്റെ ബാലപാഠങ്ങൾ അഭ്യസിച്ചതും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളജിൽനിന്നു തന്നെ. എം. കുര്യന്റെ വാക്കുകൾ: *'എന്റെ സഭ മാത്രമാണ് 'സഭ' എന്ന വിശ്വാസത്തിൽ കൗമാരം മുഴുവൻ താണ്ടിയ എനിക്ക് കോളജ് ക്യാമ്പസ് ഒരു പുതിയ ലോകത്തിന്റെ വാതായനം തുറന്നിടുകയായിരുന്നു. ആധുനിക എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ സാരഥ്യം വഹിക്കുന്ന സഭകളുടെ അഖിലലോക കൗൺസിലിന്റെ പ്രവർത്തനം ചർച്ചാവേദികളിൽ മാത്രം ഒതുങ്ങിനിന്ന കാലയളവിൽ കെ.സി. ചാക്കോയുടെയും സുഹൃത്തുക്കളുടെയും തലച്ചോറിൽ മിന്നിനിന്ന സഭൈക്യാദർശം 1921-ൽ തന്നെ ആലുവാ കോളജ് കുന്നിൻപുറത്ത് പൂവണിഞ്ഞു കഴിഞ്ഞിരുന്നു. അവിടന്നു മുന്നോട്ടുള്ള തീർത്ഥയാത്ര രണ്ടു ദശകങ്ങൾ പിന്നിട്ടു കഴിഞ്ഞപ്പോഴാണ് ഞാൻ കോളജ് ക്യാമ്പസിൽ എത്തുന്നത്. എക്യുമെനിസത്തിന്റെ ആദർശങ്ങൾ ശ്ലഥരൂപത്തിലെങ്കിലും അപ്പോഴേക്കും ആ അന്തരീക്ഷത്തിൽ അദൃശ്യമായ അലമാലകൾ തീർത്തുകഴിഞ്ഞിരുന്നു. ആ അന്തരീക്ഷവുമായുള്ള അഭിമുഖീകരണം എന്റെ ചിന്താചക്രവാളത്തിലും കോളിളക്കങ്ങളുണ്ടാക്കി...'* ആ കാലഘട്ടത്തിൽ ശരിയായ ദിശാബോധം നല്കി നേർവഴിക്കു നയിച്ച അധ്യാപകരെ കുര്യച്ചൻ കൃതജ്ഞതാപൂർവം സ്മരിക്കുന്നുണ്ട്. പിൽക്കാല ദർശനത്തിനും കർമ്മ മേഖലകൾക്കും ഊടും പാവും ചമച്ചത്, യു.സി. കോളജിലെ അഭ്യസനവും ജീവിതവുമാണ്. (തുടരും)

മാർത്തോമ്മാ സ്മരണ

ഡോ. മിനി ആലീസ്





സ്പർശം

ജൂലൈ 3 – സെന്റ് തോമസ് ദിനം

മനുഷ്യജീവിതത്തിൽ സ്പർശത്തിന് വലിയ പ്രാധാന്യമുണ്ട്. വരൾച്ചയെ വസന്തമാക്കുന്നതു പോലെ ഒരു മാന്ത്രികത സ്പർശത്തിനുണ്ട്. ഭൗതികവും ആന്തരികവുമായ സ്പർശങ്ങൾ സൃഷ്ടിക്കുന്ന രൂപാന്തരീകരണങ്ങൾ വിസ്മയാവഹങ്ങളാണ്. സ്പർശത്തിന്റെ വ്യത്യസ്തമായൊരു തലം തോമാശ്ലീഹായെക്കുറിച്ചുള്ള വേദപുസ്തകഭാഗങ്ങളിൽ നിന്ന് വായിച്ചെടുക്കാനാകും.

യേശുക്രിസ്തുവിന്റെ കുരിശുമരണാനന്തരം യഹൂദന്മാരെ പേടിച്ച് വാതിലടച്ചിരിക്കുന്ന ശിഷ്യന്മാർക്കു മധ്യത്തിൽ ഗുരു പ്രത്യക്ഷനാകുന്നു. 'നിങ്ങൾക്കു സമാധാനം' എന്ന് അരുൾ ചെയ്തുകൊണ്ട് കൈയും വിലാപ്പുറവും കാണിക്കുന്നു. ആ സന്ദർഭത്തിൽ അവിടെ ഇല്ലാതെയിരുന്ന ദിദിമോസ് എന്ന തോമസ് ''ഞാൻ അവന്റെ കൈകളിൽ ആണിപ്പഴുതു കാണുകയും ആണിപ്പഴുതിൽ വിരൽ ഇടുകയും അവന്റെ വിലാപ്പുറത്തു കൈ തൊടുകയും ചെയ്തിട്ടല്ലാതെ വിശ്വസിക്കുകയില്ല" (യോഹ 20:25) എന്നു പ്രസ്താവിക്കുന്നുണ്ട്. 'സംശയാലുവായ തോമസ്' എന്ന പ്രയോഗം ഈ പ്രതികരണത്തിൽനിന്ന് രൂപപ്പെട്ടതാണ്. എന്നാൽ എട്ടു ദിവസം കഴിഞ്ഞ് യേശു പ്രത്യക്ഷനായി തന്റെ കൈയും വിലാപ്പുറവും കാണിച്ച് തോമസിനോട് കൈകൾ നീട്ടി സ്പർശിക്കുവാനാവശ്യപ്പെടുകയാണ്. "എന്റെ കർത്താവും എന്റെ ദൈവവുമായുള്ളോവേ" (യോഹ 20:28) എന്ന് പറഞ്ഞുകൊണ്ട് തന്റെ വിശ്വാസത്തെ തോമാശ്ലീഹാ ഉറപ്പിക്കുന്ന നിർണ്ണായക മുഹൂർത്തമാണിത്.

തോമാശ്ലീഹായുടെ വിശ്വാസത്തെ ഉറപ്പിക്കാനുള്ള സ്പർശത്തിനായി യേശു നീട്ടുന്ന കരങ്ങൾ സവിശേഷമാണ്. അധികാരത്തിന്റെ മുൻപന്തിയിലുള്ള യഹൂദപ്രമാണിമാരെയോ, ന്യായാധിപരെയോ, രാജാക്കന്മാരെയോ സ്പർശിച്ച കരങ്ങളല്ലത്. വേശ്യയ്ക്കു വേണ്ടി മണ്ണിലെഴുതിയ കരങ്ങളാണ്, കൂട്ടുകാരനായ ലാസറിനെ ജീവിതത്തിലേയ്ക്ക് പിടിച്ചുയർത്തിയ കരങ്ങളാണ്, ശിഷ്യന്മാരുടെ ചെളി പുരണ്ട, വിണ്ടുകീറിയ പാദങ്ങൾ കഴുകിയ കൈകളാണ്, കുരുടനെയും കുഷ്ഠരോഗിയെയും സ്പർശിച്ച വിരലുകളാണ്, യരുശലേം ദേവാലയത്തെ ചന്തസ്ഥലമാക്കിയവർക്കെതിരെ ചാട്ടവാറെടുത്ത കൈകളാണ്. ഈ കരങ്ങൾ നീട്ടിയാണ് വിശ്വാസിയായിരിക്കു

വാൻ തോമസിനെ ക്ഷണിക്കുന്നത്. നമ്മുടെ കരങ്ങളെ നോക്കി സ്വന്തം ജീവിതത്തെ വിലയിരുത്താം എന്നൊരു പാഠം ഈ വേദ പുസ്തകസന്ദർഭം നൽകുന്നു.

ഗുരുവായ യേശുവിന്റെ മുറിവുകളിലാണ് ശിഷ്യൻ സ്പർശിക്കുന്നത്. ഉത്ഥിതനായ ക്രിസ്തുവിൽ വിശ്വസിക്കുന്നതിലാണ് ഇവിടെ ഊന്നൽ കൊടുക്കുന്നതെങ്കിലും മുറിവിലുള്ള സ്പർശം എന്നതും പ്രധാനമാണ്. അറിയാതെ പോകുന്ന മുറിവുകളുടെ ലോകത്താണ് നമ്മൾ ജീവിക്കുന്നത്. ആഡംബരങ്ങളിലും ആഘോഷങ്ങളിലും കമ്പോളങ്ങളിലും മുഴുകുമ്പോൾ മുറിവുകളും നൊമ്പരങ്ങളും അവഗണിക്കപ്പെടുന്നു. ബാലചന്ദ്രൻ ചുള്ളിക്കാടിന്റെ 'എവിടെ ജോൺ' എന്ന കവിതയിലെ പോലെ "അവനു കാവലാൾ ഞാനല്ല ദൈവമേ" എന്നു മൊഴിഞ്ഞുകൊണ്ടു നാം അയൽക്കാ രന്റെ മുറിവുകളെ അവഗണിച്ച് മനസ്താപ ങ്ങളിൽ നിന്നും കുറ്റബോധങ്ങളിൽ നിന്നും ഒളിച്ചോടുന്നു. ഗർഭപാത്രത്തിലെ ജീവിതം മുതൽ വാർദ്ധക്യം വരെ മുറിവേൽക്കലിന്റെ നൊമ്പരങ്ങളെ മനുഷ്യൻ പേറുന്നു.

അവിശ്വാസിയായ ശിഷ്യനു മുമ്പിൽ അടയാളമായി മുറിവുകളെ കാണിക്കുന്ന ഗുരുവും ഇവിടെ പ്രധാനമാണ്. ഏറ്റവും പ്രിയപ്പെട്ടവരുടെ പോലും ഉൾമുറിവുകളെ തിരിച്ചറിയാൻ പലപ്പോഴും നമുക്കു സാധിക്കാറില്ല. സ്നേഹിതർക്കു മുമ്പിൽ മുറിവുകളെ പങ്കുവയ്ക്കുവാൻ കഴിയുന്നില്ല. ആത്മബന്ധങ്ങളുടെ സൃഷ്ടിയെക്കുറിച്ചു കൂടി ഈ ഗുരുശിഷ്യബന്ധം നമ്മോടു സംവദിക്കുന്നുണ്ട്. ദൃഢവിശ്വാസംകൊണ്ടും ഗാഢമായ സ്നേഹംകൊണ്ടും മുറിച്ചു കടക്കാനാവാത്ത കടലാഴങ്ങളില്ലെന്ന പാഠമാണ് സെന്റ് തോമസിന്റെ മലങ്കര സന്ദർശനവും നമുക്കു മുമ്പിൽ തുറക്കുന്നത്.

വ്യക്തിക്കു പ്രാധാന്യം കൊടുക്കുന്ന ജീവിതവീക്ഷണം ഈ സ്പർശ പാഠത്തിലുണ്ട്. എല്ലാവരുടെയും അചഞ്ചല വിശ്വാസ ത്തിനു നടുവിൽ, ഗുരുവിനെ കണ്ടേ, അവന്റെ മുറിവുകളെ സ്പർശിച്ചേ വിശ്വസിക്കൂ എന്ന ചിന്തയെ ക്രിസ്തു അവഗണിക്കുന്നില്ല. നൂറാമത്തെ ആടിനെ തിരഞ്ഞു പോകുന്ന ഇടയനാണിവിടെ യേശു. വിഷാദവാനായ ഒരു സുഹൃത്തിനെയും അയൽക്കാരനെയും തള്ളിക്കളയാനാവാത്ത നിരുപാധിക സ്നേഹത്തിന്റെ ആവിഷ്കാരമാണിവിടെ സാധ്യമാകുന്നത്.

ലാസറിന്റെ മരണവാർത്തയറിഞ്ഞ് യഹൂദ്യയിലേയ്ക്ക് പുറപ്പെടാനൊരുങ്ങുന്ന യേശുവിനെ ശിഷ്യന്മാർ നിരുത്സാഹപ്പെടുത്തുന്നുണ്ട്. യഹൂദന്മാർ അപായപ്പെടുത്തുമെന്നു ഭയപ്പെട്ടാണ് യഹൂദ്യയിലേക്കുള്ള യാത്ര അവരെ പരിഭ്രാന്തരാക്കുന്നത്. യേശു തികഞ്ഞ നിർഭയത്വത്തോടെ ലാസറിനെ കാണുവാൻ പുറപ്പെടുമ്പോൾ "അവനോടു കൂടി മരിക്കേണ്ടതിന് നാമും പോകാം" (യോഹ 11:16) എന്നു പറയുന്ന ഭീതി തീണ്ടാത്ത സ്നേഹമാണ് തോമാശ്ലീഹായിലുള്ളത്. സംശയാലുവെന്ന മുദ്രയിൽ നിന്ന് അചഞ്ചലമായ വിശ്വാസത്തിന്റെയും നിരുപാധികമായ സ്നേഹത്തിന്റെയും പ്രതീകമായി തോമാശ്ലീഹാ പരിണമിക്കുന്നു.

മലരിലെ മണംപോലെ സ്പർശത്തിലെ സ്നേഹസൗഹാർദ്ദങ്ങളെ തിരിച്ചറിയുന്ന വേദപുസ്തക സന്ദർഭമാണ് മാർത്തോമ്മാ നിനവുകളിൽ കടന്നുവരുന്നത്. ജാതി, വംശ വെറികളിൽ, അസ്പൃശ്യത വിവേചനത്തിന്റെ പ്രത്യക്ഷമായ പ്രകടനമായിരുന്നു. പകർച്ചവ്യാധിക്കാലങ്ങളിൽ അകലം പാലിക്കലിന്റെ വിഷമാനുഭവങ്ങളെ മനുഷ്യൻ തിരിച്ചറിഞ്ഞു. സ്പർശത്തിന് സമത്വത്തിന്റെ രാഷ്ട്രീയത്തെക്കുറിച്ചുകൂടി സംസാരിക്കാനാകുമെന്ന് മിശ്രഭോജനമുൾപ്പെടെയുള്ള പുരോഗമന പരിശ്രമങ്ങളിലൂടെ നവോത്ഥാന നായകർ വ്യക്തമാക്കി. അസ്പൃശ്യരില്ലാത്ത ലോകത്തെ സ്വപ്നം കാണുവാനുള്ള ശ്രമം നൂറ്റാണ്ടിലേറെയായുള്ള വിമോചന പരിശ്രമങ്ങളിൽ പ്രധാനമാണ്. ഭൗതികവും മാനസികവും ആത്മീയവുമായ മുറിവുകളുടെ സൗഖ്യസ്പർശത്തെക്കുറിച്ചുള്ള വിചാരങ്ങൾക്ക് സെന്റ് തോമസ് ദിനത്തിൽ പ്രസക്തിയേറുന്നു. ◎

വീക്ഷണം

കുമാർജി, കൊച്ചി

ബ്രഹ്മപുരം മുതൽ മണിപ്പൂർ വരെ

കേരളത്തിൽ എറണാകുളം ജില്ലയിലെ ബ്രഹ്മപുരത്തുള്ള മാലിന്യസംസ്കരണ പ്ലാന്റിൽ തീപിടുത്തം ഉണ്ടായപ്പോൾ (തീ പിടിച്ചതോ പിടിപ്പിച്ചതോ ആകാം) കെടുത്തുവാനുള്ള പരിശ്രമങ്ങൾക്ക് വിഘാതമായത് ആഴത്തിൽ തീ നീറിപ്പുകഞ്ഞു കൊണ്ടിരുന്നു എന്നതാണ്. "ബ്രഹ്മപുരം" എന്ന പദം ഇന്ന് സാമൂഹ്യ പ്രശ്നങ്ങൾക്ക് ഒരു പ്രതീകമായി മാറിയിരിക്കുകയാണ്. കത്തിച്ചു ചാരമാക്കേണ്ട അനേകം സത്യങ്ങൾ എല്ലാ പ്രശ്നങ്ങളുടെയും അടിയിൽ നീറിപ്പുകഞ്ഞുകൊണ്ടിരിക്കുന്നു എന്നത് പ്രശ്നപരിഹാരത്തിനുള്ള പ്രധാന പ്രതിബന്ധമായി നിലനിൽക്കുന്നു.

അനീതികൾക്കെതിരെ പ്രതികരിക്കേണ്ടത് മനുഷ്യധർമ്മമാണെങ്കിലും, പ്രതികരണങ്ങളുടെ പ്രഭവകേന്ദ്രം പലപ്പോഴും നമ്മുടെ സാമൂഹ്യാവബോധത്തേക്കാൾ ചില മനുഷ്യാധമന്മാരുടെ സ്വാർഥത ആയിരിക്കും. പ്രധാനമായും വംശീയലഹളകൾ, ചേരിപ്രദേശങ്ങളിലെ തീപിടുത്തങ്ങൾ എന്നിവയ്ക്കു പിന്നിൽ തെളിയപ്പെടാ(നാവാ)ത്ത ചില വ്യക്തിതാൽപര്യങ്ങൾ ഒളിഞ്ഞുകിടപ്പുണ്ടാവും. വളരെ സ്നേഹമായി കഴിഞ്ഞുവരുന്ന മനുഷ്യർ തമ്മിൽ പൊടുന്നനെ ഏറ്റുമുട്ടുമ്പോൾ അതൊരു സ്വാഭാവിക പ്രക്രിയ അല്ല എന്ന സത്യം സാമാന്യബുദ്ധിയുള്ള ആർക്കും മനസ്സിലാകുന്നതാണ്. എന്നാൽ നമ്മുടെ ബുദ്ധിയെയും വിചാരങ്ങളെയും അന്യായമായി സ്വാധീനിക്കുവാനും ഗതി തിരിച്ചുവിടുവാനും മാദ്ധ്യമങ്ങൾക്കുള്ള സ്വാതന്ത്ര്യവും അവയെ നിയന്ത്രിക്കുവാൻ നിക്ഷിപ്ത താൽപര്യക്കാർക്കുള്ള ശക്തിയും സത്യം മൂടിവെക്കുവാൻ എന്നും കാരണമാകുന്നു

ബ്രഹ്മപുരം വാർത്തകളിൽ നിറഞ്ഞുനിന്ന ഒരു സമയമുണ്ട്. എന്നാൽ 30-40 കിലോമീറ്റർ വരെ ചുറ്റിപ്പടർന്ന പുക കെട്ടടങ്ങും മുമ്പുതന്നെ തത്സംബന്ധമായ വാർത്തകൾ അപ്രത്യക്ഷമായി. വലിയ വാർത്തകൾ ഉണ്ടാകുന്നതും മാദ്ധ്യമവിചാരണ സജീവമാകുന്നതും മൂടിവെക്കപ്പെടുവാൻ ഏറെയുള്ളപ്പോളാണ്. അതിനിടെ ചില അപ്രിയസത്യങ്ങളും അന്യായങ്ങളും വെളിച്ചത്തുവരുവാൻ ഇടയാകുന്നുവെന്നത് സാമാന്യജനങ്ങൾക്ക് ഏറെ ആശ്വാസം നൽകുന്ന കാര്യമാണ്. നമ്മെ ഭരിക്കുന്നവരുടെ ധാർമ്മികത പലപ്പോഴും ശൂന്യാവസ്ഥയിൽ നിൽക്കുന്നതുകൊണ്ട് ഭരണകേന്ദ്രങ്ങൾ പിന്തുണ നൽകുന്ന അതിക്രമങ്ങൾ ദിവസേന വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അന്ധരായ അണികൾ ശരിയിലും തെറ്റിലും തങ്ങളുടെ നേതാക്കന്മാരെ പിന്തുണയ്ക്കുന്നത് സംഘടിത അക്രമങ്ങൾക്ക് വേഗം കൂട്ടുന്നു.

ബ്രഹ്മപുരം വീണ്ടും മനസ്സിലേക്കു വന്നത് മണിപ്പൂർ കത്തുന്നതു കണ്ടിട്ടാണ്. വളരെയധികം പ്രശ്നങ്ങൾ പണ്ടേ നിലനിൽക്കുന്ന സ്ഥലമാണ് നോർത്ത്-ഈസ്റ്റ് അഥവാ ഇൻഡ്യയുടെ വടക്കു-കിഴക്കൻ ഭൂപ്രദേശം. ബംഗ്ലാദേശിൽനിന്നും ബർമ്മ(മ്യാൻമർ)യിൽനിന്നുമുള്ള അഭയാർത്ഥികൾ ജീവരക്ഷാർത്ഥം സ്വന്തനാട്ടിൽനിന്നു പലായനം ചെയ്ത് പുതിയ താവളം കണ്ടെത്തുന്നത് വടക്കു-കിഴക്കൻ സംസ്ഥാനങ്ങളിലാണ്. അവിടെനിന്നും "ബംഗാളികൾ" എന്ന പൊതുപേരിൽ കേരളത്തിന്റെയും തമിഴ്നാടിന്റെയും തെക്കേയറ്റംവരെ ഈ ഉത്തരേന്ത്യൻ തൊഴിലാളികൾ എത്തിനിൽക്കുന്നു. അന്യസംസ്ഥാനതൊഴിലാളികൾ എന്നും അതിഥിതൊഴിലാളികൾ എന്നും സൗകര്യപൂർവ്വം ഇവരെ വിളിക്കുന്നുവെങ്കിലും ഇവരൊക്കെ ക്രൃത്യമായി ഏതു നാട്ടുകാരാണെന്നോ ഇവരുടെ വംശീയ ഉത്ഭവം എന്താണെന്നോ നാം ശ്രദ്ധിക്കാറില്ല. പറഞ്ഞുവരുന്നത്, ഈ ജാതിവൈരുദ്ധ്യങ്ങൾ ഉള്ളിടത്ത് തീ കത്തുവാനും കത്തിക്കുവാനും ഒരു നേരിയ ഉരസൽ മതി; പിന്നെ നടക്കുന്നത് ജീവന്മരണ പോരാട്ടങ്ങളാണ്.

മണിപ്പൂർ കത്തുമ്പോൾ നാം പലവിധ വ്യാഖ്യാനങ്ങൾ കേൾക്കുന്നുണ്ട്. മതങ്ങളും രാഷ്ട്രീയക്കാരും പുരയ്ക്കു തീ പിടിക്കുമ്പോൾ വാഴ വെട്ടുന്നവരാണ്; വാഴ വെട്ടാൻ വേണ്ടി അവർ തീ കൊടുക്കുകയും ചെയ്യും! സത്യം എന്നും നമുക്ക് അജ്ഞാതമായിരിക്കും; കാരണം അവർക്കു വേണ്ടതുമാത്രമേ പുറത്തു വരുകയുള്ളൂ. റഷ്യ-ഉക്രെയിൻ യുദ്ധം നടക്കുമ്പോൾ ഇരുരാജ്യത്തെയും ജനങ്ങൾ തമ്മിൽ യാതൊരു ശത്രുതയും ഉണ്ടായിരുന്നില്ല എന്നറിയുന്നു. അയോദ്ധ്യാ പ്രശ്നം കത്തിക്കയറുമ്പോഴും അവിടത്തെ സാധാരണ നിവാസികൾ തമ്മിൽ ഒരു പ്രശ്നവും ഉണ്ടായിരുന്നില്ലെന്നും ദൂരെ ദേശങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യപ്പെട്ടവരാണ് അക്രമങ്ങൾ നടത്തിയതെന്നും അതിനു പ്രേരകമായത് മതത്തേക്കാൾ രാഷ്ട്രീയമുതലെടുപ്പുകളായിരുന്നുവെന്നും പിൽക്കാല സംഭവങ്ങൾ വെളിവാക്കുന്നു. രാജ്യമെങ്ങും വിദ്യാഭ്യാസത്തിന്റെ നൽവെളിച്ചം നൽകിയ ക്രിസ്ത്യാനികളോടുള്ള എതിർപ്പിനു കാരണമായി മതപരിവർത്തനം ആരോപിക്കപ്പെടുന്നുണ്ടെങ്കിലും സാധാരണ ജനങ്ങൾ പഠിച്ച് പ്രബുദ്ധരാകുന്നത് സ്വാർത്ഥതാൽപര്യക്കാർ ഭയപ്പെടുന്നു എന്നതാണ് യഥാർത്ഥ കാരണം!

ഇന്ത്യൻ ഭരണഘടന എഴുതപ്പെടുമ്പോൾ പിന്നോക്കവിഭാഗങ്ങളെ മുഖ്യധാരയിലേക്കു കൊണ്ടുവരുവാൻ വേണ്ടി വിഭാവന ചെയ്തതാണ് സംവരണം. അത് ലോകാവസാനംവരെ തുടരുന്നത് പിന്നോക്കവിഭാഗങ്ങളെ എന്നും പിന്നിൽത്തന്നെ നിർത്തുന്നതിന് കാരണമാകാം എന്ന് വേണ്ടപ്പെട്ടവർക്കെല്ലാം അറിയാമെങ്കിലും ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളെ മറികടന്ന് വോട്ടിനുവേണ്ടിയുള്ള ഒരായുധമാക്കി നമ്മുടെ രാഷ്ട്രീയക്കാർ മാറ്റിയിരിക്കുകയാണ്. അവർ ജാതിയടിസ്ഥാനത്തിലുള്ള സമവാക്യങ്ങളെ തങ്ങളുടെ ലാഭത്തിനുവേണ്ടിമാത്രം ഉപയോഗിക്കുന്നതിനാൽ സംവരണത്തെ എപ്പോൾ വേണമെങ്കിലും ഒരു വംശീയ ലഹളയ്ക്ക് കാരണമാക്കി മാറ്റുവാൻ കഴിയും. ഇതു തന്നെയാണ് മണിപ്പൂരിൽ സംഭവിച്ചുകൊണ്ടിരിക്കുന്നത്! സുരക്ഷിതതാവളങ്ങളിലിരുന്ന് അക്രമങ്ങളെ അപലപിക്കുന്നതിനപ്പുറം എന്തെങ്കിലും ക്രിയാത്മകമായി ചെയ്യുവാൻ രാഹുൽ ഗാന്ധിയൊഴികെ രാഷ്ട്രീയക്കാരോ മത നേതൃത്വമോ ശ്രമിച്ചിട്ടില്ല എന്നത് എടുത്തു പറയേണ്ടതുണ്ട്. കേന്ദ്രസർക്കാരാവട്ടെ, പ്രതിഷേധത്തിന്റെ വാൾമുന തങ്ങൾക്കുനേരെ ആണെന്ന് കണ്ടിട്ടാവാം തികച്ചും നിഷ്ക്രിയമായി നിൽക്കുന്നത്. കത്തിത്തീരട്ടെ എന്നു തന്നെ അവർ കരുതുന്നുണ്ടാവാം; പക്ഷേ അത് അവർ അവകാശപ്പെടുന്ന രാജധർമ്മത്തിനു യോജിച്ച നടപടിയല്ല. അല്ലായിരുന്നെങ്കിൽ, പ്രശ്നപരിഹാരത്തിനു കഴിവില്ല എന്നു തെളിയിച്ചുകഴിഞ്ഞ മുഖ്യമന്ത്രിയെ മാറ്റി പകരം ഉചിതമായ സംവിധാനം ഉണ്ടാക്കണമായിരുന്നു. ഒരുപക്ഷേ, പ്രശ്നം കെട്ടടങ്ങുമ്പോൾ ബലിയാടാവാൻ അദ്ദേഹത്തെ നിലനിർത്തുന്നതുമാവാം; ഇതു വെറും മൂന്നാംകിട രാഷ്ട്രീയമല്ലേ?

ഇന്ത്യയിലെ പല സംസ്ഥാനങ്ങളിലും കീറാമുട്ടിയായി മാറിയ (മാറ്റിയ) സംവരണത്തെ സംബന്ധിച്ച് വ്യക്തവും കാലോചിതവുമായ ഒരു പൊതുധാരണ ഉണ്ടാവേണ്ടത് വളരെ ആവശ്യമാണ്. ഭാരതം സ്വാതന്ത്ര്യം പ്രാപിച്ചിട്ട് 76 വർഷമാകുന്ന സ്ഥിതിയ്ക്ക് എല്ലാ ഭാരതീയരും തുല്യരാണ് എന്ന അവബോധത്തിന് ഊന്നൽ കൊടുക്കേണ്ടിയിരിക്കുന്നു. ഇന്നും പിന്നോക്കവിഭാഗങ്ങൾക്കുള്ള അവസരങ്ങൾ ഔദാര്യമായി കരുതപ്പെടുന്നു; അവരുടെ വികസനത്തിനുവേണ്ടി നീക്കിവെക്കപ്പെടുന്ന പണം എവിടെയൊക്കെയോ ദുരുപയോഗം ചെയ്യപ്പെടുന്നു. പിന്നോക്ക വിഭാഗങ്ങളിൽ നിന്ന് ഉയർന്നുവരുന്നവരെ ആദരിക്കുന്നതോടൊപ്പം തികച്ചും നിഷ്ക്കളങ്കമെന്നോണം അവരുടെ പശ്ചാത്തലം എടുത്തെടുത്തു പറയുന്നത് അവരെ അപമാനിക്കുന്നതിനു തുല്യമാണ്. പിന്നോക്കവിഭാഗങ്ങളിൽനിന്ന് ഉയർന്നു വന്നവർ പൊതുവേ തങ്ങളുടെ ആളുകളുടെ ഉയർച്ചയ്ക്കായി പിന്നെ ശ്രദ്ധിക്കാറില്ല എന്നതും ഇതോടു കൂട്ടി വായിക്കേണ്ടതാണ്. ഒരു രാജ്യത്ത് വികസനം യാഥാർത്ഥ്യമാകണമെങ്കിൽ മെറിറ്റിന് 50% എങ്കിലും പ്രാധാന്യം നിലനിർത്തേണ്ടതാണ്. വിദ്യാഭ്യാസവും വിവേകവും ഭരിക്കുന്നവരെയും ഭരിക്കപ്പെടുന്നവരെയും രക്ഷിക്കട്ടെ എന്നു പ്രത്യാശിക്കുന്നു. ◎

ഫാ. ഡോ. തോംസൺ റോബി





പങ്കുവയ്ക്കലിലൂടെ ദൈവസ്നേഹ വാഹകരാകുക

പ്രശസ്ത എഴുത്തുകാരൻ ഖലിൽ ജിബ്രാൻ പറയുന്നു: 'സ്നേഹിക്കുമ്പോൾ ദൈവം നിങ്ങളുടെ ഹൃദയത്തിലുണ്ട് എന്ന് പറയരുത്. നിങ്ങൾ ദൈവത്തിന്റെ ഹൃദയത്തിനുള്ളിലാണ്.' സ്നേഹമാണ് ദൈവം. ഇന്നത്തെ ലോകം സ്നേഹിക്കുവാനല്ല, മറിച്ച് വിദ്വേഷത്തിന്റെയും പകയുടെയും പാരവയ്പുകളുടെയും പങ്കുവയ്ക്കലാണ് ആഗ്രഹിക്കുന്നത്. യുവജനങ്ങളുടെ ലോകം പരക്കെ മാറിയിരിക്കുന്നു. ദൈവസ്നേഹികളായ യുവജനങ്ങൾ ഇന്നിന്റെ ആവശ്യമാണ്. നിസ്സാര കാര്യങ്ങൾക്കുപോലും ജീവിതം അവസാനിപ്പിക്കുന്ന യുവജനങ്ങളുടെ ചിത്രമാണ് നാമിന്ന് കാണുന്നത്.

ഉന്നത ഉദ്യോഗസ്ഥന്റെ വിരമിക്കൽ ചടങ്ങിന് ആശംസയർപ്പിച്ചയാൾ ചോദിച്ചു: "താങ്കൾ ഞങ്ങളെ തിരുത്തിയിട്ടുണ്ടെങ്കിലും ദേഷ്യപ്പെട്ടിട്ടില്ല. അതെങ്ങനെ സാധിച്ചു?" മറുപടി പ്രസംഗത്തിൽ അദ്ദേഹം പറഞ്ഞു: "സ്കൂൾ പഠന കാലത്ത് എന്റെ അച്ഛനെ കാണാൻ ഞാൻ ഓഫീസിലെത്തിയപ്പോൾ അച്ഛൻ ബോസിന്റെ മുറിയിൽ നിന്ന് കരഞ്ഞുകൊണ്ടു പുറത്തേക്കു വരുന്നു. എനിക്ക് ലോകത്തിലെ ഏറ്റവും ശക്തിമാൻ എന്റെ അച്ഛനായിരുന്നു. അച്ഛൻ കരയുന്നത് കണ്ടപ്പോൾ സഹിച്ചില്ല. ഞാൻ ബോസിന്റെ മുറിയിൽ ചെന്ന് ചോദിച്ചു, എന്തിനാണ് എന്റെ അച്ഛനെ കരയിച്ചത്? അന്നു ഞാനൊരു തീരുമാനമെടുത്തു. ഞാനും പഠിച്ച് ഒരു ബോസാകും. പക്ഷേ എന്റെ താഴെയുള്ളവരെ ഒരിക്കലും ഞാൻ കരയിക്കില്ല." "അനുഭവം ഗുരു" എന്നതാണ് പ്രമാണം. മറ്റുള്ളവരെ താഴ്ത്തിക്കെട്ടാതെ, മറ്റൊരാളുടെ ആത്മാഭിമാനത്തിന് മുറിവേൽപ്പിക്കാതെ, അവരെ പരിഗണിക്കുവാനുള്ള പക്വതയാണ് നാം ആർജ്ജിക്കേണ്ടത്. രക്ഷിക്കാനാകാത്തവർക്ക് ശിക്ഷിക്കാനും അവകാശമില്ല.

"ജീവിക്കാനുള്ള അവകാശത്തിന്റെ ഭാഗമാണ് വ്യക്തിസ്വാതന്ത്ര്യം" എന്ന് ജവഹർലാൽ നെഹ്റു പറയുന്നു. തന്നെപ്പോലെ തന്നെ മറ്റുള്ളവർക്കും ഈ ഭൂമിയിൽ ജീവിക്കുവാൻ അവകാശമുണ്ടെന്ന് നാം ഓരോരുത്തരും തിരിച്ചറിയണം. അമേരിക്കയുടെ മുൻ പ്രസിഡന്റ് തോമസ് ജെഫേഴ്സൺ പറയുന്നു, "സ്വാതന്ത്ര്യം ഇളകിമറിയുന്ന അലകടലാണ്. ഭീരുക്കൾ അതിലേക്ക് എടുത്തുചാടുവാൻ മടിക്കുന്നു." ഇളകിമറിയുന്ന അലകടലിലേക്ക് ധീരതയോടെ ചുവടുവെക്കുവാനുള്ള ധൈര്യം ഇന്ന് യുവജനങ്ങൾ ആർജ്ജിക്കണം. അഴിമതിയ്ക്കും ധൂർത്തിനും അധാർമ്മികതയ്ക്കും വേണ്ടി ചുവടുവെയ്ക്കുവാനല്ല, മറിച്ച്, അതിനെ തിരുത്തുന്ന ശക്തികളായി നാം മാറണം.

'വിയർത്താലേ വിലയറിയൂ' എന്ന് പറയാറുണ്ട്. ധനികന്റെ മകൻ അലസനായിരുന്നു. കഠിനാധ്വാനിയാക്കാൻ അയാൾ അവനെ ഒരു കർഷകന്റെ കൂടെ അയച്ചു. ഒരു മാസത്തിനകം പണം സമ്പാദിച്ചു തിരിച്ചു വരണം എന്നതായിരുന്നു വ്യവസ്ഥ. നിശ്ചിത സമയത്തുതന്നെ മകൻ സഞ്ചി നിറയെ നാണയങ്ങളുമായെത്തി. സഞ്ചിയിലെ നാണയങ്ങൾ ഓരോന്നായി കടലിലെറിഞ്ഞെങ്കിലും അവൻ പ്രതികരിച്ചില്ല. മറ്റൊരു കർഷകന്റെ കൂടെ വീണ്ടും അയച്ചു. പണവുമായി വന്നപ്പോൾ അവനെ വീണ്ടും

കടൽത്തീരത്തു കൊണ്ടുപോയി. പണം എറിഞ്ഞു കളഞ്ഞെങ്കിലും അവനൊന്നും മിണ്ടിയില്ല. മൂന്നാമത്തെ കൃഷിക്കാരന്റെ കൂടെ മകനെ വിട്ടപ്പോൾ തന്റെ മകനാണെന്നുള്ള കാര്യം അദ്ദേഹം മറച്ചുവച്ചു. അത്തവണ തിരിച്ചുവന്നപ്പോൾ ഒരു ചെറിയ സഞ്ചി നാണയങ്ങൾ മാത്രമാണുണ്ടായിരുന്നത്. അതിലുള്ളവ എറിയാൻ ശ്രമിച്ചപ്പോൾ മകൻ പറഞ്ഞു "ഇതു ഞാൻ പണിയെടുത്ത് ഉണ്ടാക്കിയതാണ്. വെറുതെ എറിഞ്ഞുകളയാൻ പറ്റില്ല." ഈ കഥയിൽ ആദ്യത്തെ രണ്ടുപ്രാവശ്യം അപ്പന്റെ ബന്ധത്തിൽ പണം സമ്പാദിച്ചു; എന്നാൽ മൂന്നാം പ്രാവശ്യം സ്വയം അദ്ധ്വാനിച്ച് പണമുണ്ടാക്കിയപ്പോൾ ആ മകൻ ആ നാണയത്തിന്റെ വില തിരിച്ചറിഞ്ഞു.

ഇന്നത്തെ യുവജനങ്ങളുടെ വരവും ചിലവും നമുക്ക് മനസ്സിലാക്കാൻ പ്രയാസമാണ്. തെറ്റായ മാർഗ്ഗങ്ങളിൽ, അതായത് അപരനെ അപായപ്പെടുത്തിയും മദ്യ-മയക്കുമരുന്ന് വ്യാപാരത്തിൽ കൂടിയും മറ്റും പണം സമ്പാദിക്കാനുള്ള ത്വര വർദ്ധിച്ചുവരുന്നത് മറ്റുള്ളവരിൽ നമ്മുടെ മുഖം ദർശിക്കാൻ കഴിയാത്തതിനാലാണ്. "അയൽക്കാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കുക" എന്ന ക്രിസ്തുവിന്റെ വാക്കുകൾ ഓർക്കുക. ''കണ്ണുണ്ടായിട്ടും കാണാത്തവനെപ്പോലെ അന്ധനായി ആരുമില്ല'' എന്ന ജോനാഥാൻ സ്വിഫ്റ്റിന്റെ ചിന്ത ഇന്നത്തെ കാലത്ത് പ്രസക്തമാണ്. കണ്ണു തുറന്നിരുന്നാലും പലതും നാം കാണണമെന്നില്ല. കാണേണ്ടത് പലതും കാണാതെ പോകുന്നു എന്നതാണ് ഇന്നത്തെ തലമുറയുടെ പ്രശ്നം.

ചാൾസ് ഡിക്കൻസ് പറയുന്നു: "ഒരിക്കലും കടുപ്പമാകാത്ത ഹൃദയവും തളരാത്ത താൽപര്യവും മുറിവേൽക്കാത്ത സ്പർശവും സമ്പാദിക്കുക." മറ്റുള്ളവർക്ക് സാന്ത്വനം പകരുവാൻ കഴിയുന്നതാവണം നമ്മുടെ പ്രവർത്തനം. ഇല്ലാത്തതൊന്നും നൽകാനാകില്ല. ഉള്ള് ശൂന്യമായതിൽനിന്ന് ഒന്നും പുറത്തുവരുന്നില്ല. ടാങ്കിൽ വെള്ളമുണ്ടെങ്കിൽ മാത്രമേ പൈപ്പ് തുറന്നാൽ അത് പുറത്തുവരൂ. ബാഹ്യമായ മോടികൊണ്ട് ഒരു വിളക്കിന് പ്രകാശം പൊഴിക്കാനാവില്ല; അതിൽ എണ്ണ വേണം. കാലംകൊണ്ടും പ്രയത്നംകൊണ്ടും ഓരോരുത്തരും സ്വാംശീകരിക്കേണ്ട പരിചയവും പക്വതയും ഉണ്ട്. അത്തരം വഴികളിലൂടെ സഞ്ചരിക്കുന്നവർ മാത്രമാണ് വളരുന്നത്. അല്ലാത്തവർക്കു പ്രായമാകുന്നതേയുള്ളൂ. തനിക്കുള്ളത് അപരന് നൽകാൻ ശ്രമിക്കുന്നതിനു പകരം അവരുടെ ഉള്ളിലുള്ളതും അവർ തിരിച്ചറിയാത്തതുമായ കാര്യങ്ങളെ പുറത്തെടുക്കാൻ ശ്രമിച്ചാൽ അതാകും യഥാർത്ഥ മാർഗ്ഗദർശനം. അതിനാവശ്യമായത് ആത്മാർത്ഥതയും, സ്നേഹപൂർവ്വമായ പെരുമാറ്റവും, സഹാനുഭൂതിയുമാണ്. ഇന്നത്തെ തലമുറയ്ക്ക് നഷ്ടപ്പെട്ടു പോയിരിക്കുന്നത് ഈ ഗുണങ്ങൾ തന്നെയാണ്.

'ഭീരുത്വംകൊണ്ട് ഒന്നും നേടാനാവില്ല. പിൻവാങ്ങിയാൽ ദൗർഭാഗ്യത്തെ ഒഴിവാക്കാനാവില്ല" എന്ന സ്വാമി വിവേകാനന്ദന്റെ വാക്കുകൾ നമുക്ക് വഴികാട്ടിയാവണം. സമൂഹത്തിന്റെ നേരായ വളർച്ചയ്ക്ക് ധൈര്യപ്പെട്ട് മുന്നിട്ടിറങ്ങുവാൻ യുവതലമുറ തയ്യാറാകണം. ലോകത്തിന്റെ വിലയിരുത്തലല്ല, സ്വയം വിലയിരുത്തലാണ് പ്രധാനം. മറ്റുള്ളവരുടെ മൂളിപ്പാട്ടുകൾക്കനുസരിച്ച് തന്റെ ഉള്ളിലെ സംഗീതം ക്രമീകരിക്കുന്നവർ തങ്ങൾക്കിഷ്ടമുള്ള ഒരു ഗാനംപോലും ആലപിക്കില്ല. അതുകൊണ്ട് മറ്റുള്ളവരുടെ കയ്യിലെ കളിപ്പാട്ടങ്ങൾ ആകാൻ നാം നിന്നു കൊടുക്കരുത്. മറ്റുള്ളവരുടെ നന്മയ്ക്ക് നമ്മൾ മുഖാന്തിരമായി തീരണം. പ്രശസ്ത കായികതാരം കാൾ ലൂയിസ് പറഞ്ഞു, "നിങ്ങൾക്ക് ആത്മവിശ്വാസം ഇല്ലെങ്കിൽ വിജയിക്കാതിരിക്കാൻ ഒരു കാരണം എപ്പോഴും നിങ്ങൾ കണ്ടെത്തും." വിജയംവരെ തുടരണം; നിതാന്ത പരിശ്രമത്തിലൂടെ നന്മയാൽ തിന്മയെ ജയിക്കുക. സ്നേഹിക്കുക എന്നത് ദൈവപ്രകൃതിയാണെങ്കിൽ നാമും അത് പകർന്നു കൊടുക്കുന്നവരാകണം. "ഇഷ്ടപ്പെടുന്നത് ചെയ്യുന്നതിലല്ല, ചെയ്യുന്നത് ഇഷ്ടപ്പെടുന്നതിലാണ് സന്തോഷത്തിന്റെ രഹസ്യം" എന്ന സ്ക്കോട്ടിഷ് നോവലിസ്റ്റ് ജയിംസ് ബാരിയുടെ വാക്കുകൾ നമുക്ക് പ്രചോദനമാകട്ടെ. ◎

കൽപടവുകൾ - 31

ഫാ. ജോണി ജോർജ്
കോർ എപ്പിസ്കോപ്പാ



അവലോകനം

സൃഷ്ടിയുടെ ആരംഭം മുതൽ ഒരു കുടുംബസംഗമം വരെയുള്ള സംഭവ കഥകളാണ് ഉല്പത്തിപ്പുസ്തകത്തിലെ 50 അദ്ധ്യായങ്ങളിലായി പ്രതിപാദിച്ചിരിക്കുന്നത്. അവസാനം യോസേഫിന്റെ മരണത്തെപ്പറ്റിയുള്ള വിവരണവും നൽകിയിരിക്കുന്നു. യാക്കോബിന്റെ കുടുംബത്തിന്റെ ഒത്തുചേരലും ഇവിടെ ഹൃദയസ്പർശിയായ വിധത്തിൽ വിവരിച്ചിരിക്കുന്നു.

യോസേഫ് ജനനം കൊണ്ട് കനാനിൽനിന്നുള്ളവനെങ്കിലും പൗരത്വംകൊണ്ട് മിസ്രയീമ്യനാണ്. അദ്ദേഹത്തിന്റെ കുടുംബജീവിതം ആരംഭിക്കുന്നത് അവിടെയാണ്. ഫറവോയുടെ പ്രീതിക്ക് പാത്രമായിത്തീർന്ന യോസേഫിന് ഭാര്യയെ നിശ്ചയിച്ചു കൊടുക്കുന്നത് ഫറവോ തന്നെയാണ്. "ഫറവോൻ യോസേഫിന് സാപ്നത്ത് പനേഹ് എന്ന് പേരിട്ടു. ഓനിലെ പുരോഹിതനായ പോത്തിഫേറയുടെ മകൾ ആസ്നത്തിനെ അവനു ഭാര്യയായി കൊടുത്തു" (41:45). യോസേഫിന് നല്കിയ പുതിയ പേര് അവിടെ ഉദ്യോഗസ്ഥനായി നിയമിച്ചപ്പോൾ കൊടുത്ത ഈജിപ്ഷ്യൻ പേരാണ്. "ദൈവം സംസാരിക്കുന്നു", "അവൻ ജീവിക്കുന്നു" എന്നൊക്കെയാണ് സാപ്നത്ത് പനേഹിന്റെ അർത്ഥം. "നെയ്ത്ത് ദേവതയ്ക്കുവേണ്ടി" എന്നാണ് ''ആസനത്ത്'' എന്ന നാമത്തിന്റെ അർത്ഥം. 'പോത്തിഫേറ' എന്നാൽ "സൂര്യനിൽ നിന്നും ലഭിച്ച" എന്ന് അർത്ഥം. ഈ പേരുകളൊക്കെ വ്യക്തമാക്കുന്നത് ദൈവത്തിൽനിന്ന്, ഉന്നതങ്ങളിൽ നിന്ന് ലഭിക്കുന്ന അനുഗ്രഹങ്ങളാണ് യോസേഫിനെ നയിക്കുന്നത് എന്നാണ്. രണ്ട് മക്കളുണ്ടായി. "എന്റെ സകല കഷ്ടതകളും എന്റെ പിതൃഭവനം ഒക്കെയും ദൈവം എന്നെ മറക്കുമാറാക്കി എന്നു പറഞ്ഞു യോസേഫ് തന്റെ ആദ്യജാതന് മനശ്ശെ എന്നുപേരിട്ടു" (41:51). മറ്റൊരു വിധത്തിൽ പറഞ്ഞാൽ കഷ്ടതയിൽനിന്നുള്ള മോചനം മാത്രമല്ല, അതിനെ മറക്കാനുള്ള അനുഗ്രഹവും ദൈവം നൽകിയിരിക്കുന്നു. "സങ്കട ദേശത്ത് ദൈവം എന്നെ വർദ്ധിപ്പിച്ചു എന്നു പറഞ്ഞ് രണ്ടാമത്തവന് എഫ്രയീം എന്നു പേരിട്ടു." (41:52) യോസേഫ് എന്ന പേരിന്റെ അർത്ഥം "ദൈവം വർദ്ധിപ്പിക്കുന്നു" എന്നാണല്ലോ. സ്വന്ത ജീവിതത്തിൽ അത് അനുഭവമായിരിക്കുന്നു. അക്കാര്യം ഓർത്ത് ദൈവത്തെ സ്തുതിക്കാൻ രണ്ടാമത്തെ മകന് ആ അർത്ഥമുള്ള പേര് തന്നെ നൽകി. അതിനെ ഇങ്ങനെ സാക്ഷ്യപ്പെടുത്താം: forgetfulness and fruitfulness. മനുഷ്യജീവിതത്തെ നയിക്കുന്ന സുപ്രധാന ഘടകങ്ങളാണ് ഇവ രണ്ടും. തന്റെ സഹോദരന്മാർ തന്നോടു ചെയ്ത അനീതിയെ മറക്കാനും ക്ഷമിക്കാനും സാധിച്ചതുകൊണ്ടാണ് പിതാവിനെയും മറ്റു സഹോദരങ്ങളെയും കാണാനും രമ്യപ്പെടാനും ഇടയായത്. മേല്ക്കുമേൽ ദൈവം അനുഗ്രഹിച്ചതുകൊണ്ടാണ് ജീവിതത്തിൽ ഉന്നതി കൈവരിക്കാൻ സാധിച്ചത്. ഈ രണ്ടു കാര്യങ്ങളുടെ നിത്യസാന്നിദ്ധ്യമായിരുന്നു യോസേഫിന്റെ കുടുംബത്തിൽ മനശ്ശെയും എഫ്രയീമും.

പിൻതിരിഞ്ഞുനോക്കുമ്പോൾ തന്റെ സഹോദരന്മാർ വലിയ അനീതിയാണ് ചെയ്തത്. രൂബേനും യൂദായും വനത്തിൽ വച്ച് തന്റെ ജീവൻ രക്ഷിക്കാൻ ശ്രമിച്ചവരാണ്. തന്നെ വധിക്കാതിരിക്കാൻ കാരണം അവരുടെ ഇടപെടലാണ്. എന്നാൽ പ്രത്യേകമായ പരിഗണനകളൊന്നും അവർക്കു നൽകുന്നില്ല. ഈ വിവേകം പിന്നീട് കുടുംബത്തെ കൂട്ടിച്ചേർക്കാൻ കാരണമായിട്ടുണ്ടാകാം. യോസേഫ് അനുഭവിച്ച മാനസിക സംഘർഷം എന്തുമാത്രമായിരുന്നിരിക്കണം. ഒരു മനുഷ്യനോടു പോലും തന്റെ പ്രയാസങ്ങളെ പങ്കുവയ്ക്കാൻ സാധിക്കാത്ത അവസ്ഥ എത്ര ഭയങ്കരമായിരുന്നിരിക്കണം.

യാക്കോബ് മിസ്രയീമിലേക്ക് പോകുന്നത് പുത്രനായ യോസേഫിനെ കാണാനാണ്. 45-46

അദ്ധ്യായങ്ങളിൽ ഇതു സംബന്ധിച്ച് വിവരിച്ചിട്ടുണ്ട്. കുടുംബാംഗങ്ങൾ ഒരു വലിയ സംഘമായാണ് യാത്ര. യോസേഫ് യാത്രയ്ക്ക് രഥങ്ങൾ ഏർപ്പാടാക്കിയിരുന്നു. ബേർ-ശേബയിൽ എത്തി പിതാവായ യിസഹാക്കിന്റെ ദൈവത്തിന് യാഗം അർപ്പിച്ചു. "ദൈവം യിസ്രായേലിനോട് രാത്രി ദർശനങ്ങളിൽ യാക്കോബേ, യാക്കോബേ എന്നു വിളിച്ചതിന് ഞാൻ ഇതാ എന്ന് അവൻ പറഞ്ഞു. അപ്പോൾ അവൻ ഞാൻ ദൈവം ആകുന്നു. നിന്റെ പിതാവിന്റെ ദൈവം തന്നെ; മിസ്രയീമിലേക്ക് പോകുവാൻ ഭയപ്പെടേണ്ട; അവിടെ ഞാൻ നിന്നെ വലിയ ജാതി ആക്കും എന്ന് അരുളിച്ചെയ്തു" (46:2,3). വളരെ സന്തോഷപ്രദമായ ഒരു കൂട്ടിമുട്ടലായിരുന്നു യോസേഫുമായി ഉണ്ടായത്. ഗോശെനിൽ പിതാവിനെ കണ്ടപ്പോൾ "കെട്ടിപ്പിടിച്ച്" ഏറെ നേരം കരഞ്ഞു. യിസ്രായേൽ യോസേഫിനോട്, നീ ജീവനോടിരിക്കുന്നു എന്ന് ഞാൻ നിന്റെ മുഖം കണ്ടറിഞ്ഞതുകൊണ്ട് ഞാൻ ഇപ്പോൾതന്നെ മരിച്ചാലും വേണ്ടില്ല എന്നു പറഞ്ഞു (46:30). പിന്നീട് യോസേഫിന്റെ കൂടെ യാക്കോബ് ഫറവോനെ കാണുകയും സന്തോഷവാനായ ഫറവോൻ യോസേഫിനോട്: "നിന്റെ അപ്പനും സഹോദരന്മാരും നിന്റെ അടുക്കൽ വന്നിരിക്കുന്നുവല്ലൊ. മിസ്രയീം ദേശം നിന്റെ മുമ്പാകെ ഇരിക്കുന്നു. ദേശത്തിലേക്കും നല്ല ഭാഗത്ത് നിന്റെ അപ്പനെയും സഹോദരന്മാരെയും പാർപ്പിക്ക. അവർ ഗോശെൻ ദേശത്തുതന്നെ പാർത്തുകൊള്ളട്ടെ" (47:5-6) എന്ന് കല്പിച്ചു. അങ്ങനെയാണ് യിസ്രായേൽക്കാർ മിസ്രയീമിൽ താമസിക്കാൻ തുടങ്ങിയത്. അവർക്കവിടെ അവകാശവും ലഭിച്ചു. ഏറ്റവും സന്താനപുഷ്ടിയുള്ളവരായി പെരുകി (47:27). യാക്കോബ് മിസ്രയീം ദേശത്ത് 17 സംവത്സരം ജീവിച്ചു. അദ്ദേഹത്തിന്റെ ആയുസ്സ് 147 വർഷം ആയിരുന്നു.

48-ാം അദ്ധ്യായത്തിൽ യാക്കോബ് യോസേഫിന്റെ മക്കളായ മനശ്ശെയെയും എഫ്രയീമിനെയും അനുഗ്രഹിക്കുന്നു. പിന്നീട് മറ്റെല്ലാ മക്കളെയും കൂട്ടി വരുത്തി ഒരു പ്രഭാഷണംതന്നെ നടത്തുന്നു. 12 ഗോത്രങ്ങളെ വിലയിരുത്തിയുള്ള യിസ്രായേലിന്റെ വിടവാങ്ങൽ പ്രസംഗമായും ഇതിനെ കണക്കാക്കാം. തന്റെ മക്കളെ ഓരോരുത്തരെയും (12 ഗ്രോതങ്ങളെ) എത്ര കൃത്യമായാണ് യാക്കോബ് മനസ്സിലാക്കിയിരുന്നത് എന്ന് ഓരോ വാക്കും സ്പഷ്ടമാക്കുന്നു. രൂബേനെപ്പറ്റിപ്പറയുന്നത് വളരെ ശ്രദ്ധേയമാണ്. "വെള്ളം പോലെ തുളുമ്പുന്നവനേ നീ ശ്രേഷ്ഠനാകയില്ല. നീ അപ്പന്റെ കിടക്കമേൽ കയറി അതിനെ അശുദ്ധമാക്കി. എന്റെ ശയ്യമേൽ അവൻ കയറിയല്ലൊ" (49:4). ഈ പ്രസ്താവനയ്ക്കുള്ള പശ്ചാത്തലം എന്തെന്ന് കാണുക: "പിന്നെ യിസ്രായേൽ യാത്ര പുറപ്പെട്ട്, ഏദെർഗോപുരത്തിന്നു അപ്പുറം കൂടാരം അടിച്ചു. യിസ്രായേൽ ആ ദേശത്തു പാർത്തിരിക്കുമ്പോൾ രൂബേൻ ചെന്നു തന്റെ അപ്പന്റെ വെപ്പാട്ടിയായ ബിൽഹയോടുകൂടെ ശയിച്ചു; യിസ്രായേൽ അതു കേട്ടു" (35:21-22). ഇത് നികൃഷ്ടമായ ഒരു പ്രവൃത്തിയായിരുന്നു എന്നതിൽ സംശയമില്ല. അന്ന് ഇക്കാര്യത്തെപ്പറ്റി ഒന്നും പറയാതിരുന്ന യിസ്രായേൽ മരിക്കുന്നതിനു മുമ്പ് അതേക്കുറിച്ച് പ്രതികരിച്ചു. മക്കളെ വളർത്താനും തിരുത്താനുമുള്ള മൊഴികളാണ് യിസ്രായേലിന്റെ വായിൽനിന്നു ഉതിർന്നു വീണത്. അതിനുശേഷം അദ്ദേഹം മരണത്തെ ആശ്ലേഷിച്ചു. "യാക്കോബ് തന്റെ പുത്രന്മാരോട് ആജ്ഞാപിച്ചു തീർന്നശേഷം അവൻ കാൽ കട്ടിലിന്മേൽ എടുത്തു വച്ചിട്ട് പ്രാണനെ വിട്ട് തന്റെ ജനത്തോടു ചേർന്നു. അതിന്റെശേഷം അവൻ കല്പിച്ചിരുന്നതുപോലെ അവന്റെ പുത്രന്മാർ അവനെ കനാൻ ദേശത്തേക്ക് കൊണ്ടുപോയി. മമ്രേക്കു സമീപം അബ്രാഹാം ഹിത്യനായ എഫ്രോനോട് നിലത്തോടുകൂടെ ശ്മശാനഭൂമിയായി ജന്മം വാങ്ങിയ മക്പേലായെന്ന നിലത്തിലെ ഗുഹയിൽ അവനെ അടക്കം ചെയ്തു" (50:13). പിതാവിന്റെ മരണശേഷം സഹോദരന്മാർ യോസേഫിന്റെ അടുക്കൽ വന്നു ക്ഷമ ചോദിക്കുകയും അവർ രമ്യപ്പെടുകയും ചെയ്തു. യോസേഫ് നൂറ്റിപ്പത്തു വയസ്സുവരെ ജീവിച്ചു. മിസ്രയീമിൽവച്ചു മരിച്ചു. എന്നാൽ, തന്റെ ശരീരം പിതാക്കന്മാരുടെ ദേശത്തേക്കു

തന്നെ സൗകര്യമനുസരിച്ച് കൊണ്ടുപോയി അടക്കണമെന്ന് അവൻ സഹോദരന്മാരോട് ആവശ്യപ്പെട്ടു. അവർ അവന് സുഗന്ധവർഗ്ഗം ഇട്ട് അവനെ മിസ്രയീമിൽ ഒരു ശവപ്പെട്ടിയിൽ വച്ചു. ഈ പ്രസ്താവനയോടെ അവസാനത്തെ അദ്ധ്യായം അവസാനിക്കുന്നു.

അനേകം ദൂതുകൾ ഉല്പത്തി പുസ്തകം നമുക്ക് നൽകുന്നു. ചിലതുമാത്രം പ്രത്യേകം ഇവിടെ എടുത്തു പറയുന്നു. (1) ദൈവത്തെ കേന്ദ്രമാക്കിക്കൊണ്ടുള്ള ഒരു ജീവിതം നയിക്കാനാണ് (theocentric) ഉല്പത്തി പുസ്തകത്തിൽ കാണുന്ന പിതാക്കന്മാരും നേതാക്കന്മാരും ശ്രമിച്ചിട്ടുള്ളത്. ദൈവത്തോട് ആലോചന നടത്തുകയും നിരന്തരമായി ദൈവത്തോട് അപേക്ഷിക്കുകയും ചെയ്യുന്ന ദൈവജനത്തെയാണ് നാമിവിടെ കാണുന്നത്. ഉന്നതങ്ങളിൽ നിന്ന് താഴേക്കിറങ്ങി വരികയും മനുഷ്യനുമായി ബന്ധപ്പെടുകയും അതിനുശേഷം മുകളിലേക്ക് കയറിപ്പോവുകയും ചെയ്ത ദൈവത്തെ നാം കാണുന്നു. പലേടത്തും സ്ഥലനാമം തന്നെ ഉണ്ടാകുന്നു (ഉദാ: ബഥേൽ, പെനിയേൽ).

(2) അന്ന് നിലവിലിരുന്ന ഗോത്രവിശ്വാസങ്ങളും പാരമ്പര്യങ്ങളും ഐതിഹ്യങ്ങളും ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട യിസ്രായേൽ എന്ന ദൈവജനത്തെ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്കു വഹിച്ചു. ഈജിപ്തിന്റെ കൂടി ചിത്രം അത് വരച്ചുകാട്ടുന്നുണ്ട്. ഈജിപ്തുകാർ പ്രഥമമായ സ്ഥാനം കൊടുത്തത് 'നിറവയറി'നായിരുന്നു. 'അടിമത്വം' സാമൂഹ്യവ്യവസ്ഥിതിയുടെ ഭാഗമായി കണക്കാക്കിയിരുന്നു. അവരെ സംബന്ധിച്ചിടത്തോളം സുരക്ഷിതത്വമായിരുന്നു പ്രധാനം. "കാട്ടുകഴുതയെന്ന് വിശേഷിപ്പിക്കപ്പെട്ട" യിശ്മയേലിന്റെ മനോഭാവമാണ് ജനത്തിന് ഉണ്ടായിരുന്നത്. എന്നാൽ യിസ്രായേൽ എന്നും സ്വാതന്ത്ര്യത്തിനാണ് മുൻഗണന കൊടുത്തത്.

